14 NJD ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. മറ്റ് വകുപ്പുകളിലേക്ക് മാറിപോയവരുടെ കൃത്യമായ എണ്ണം ശേഖരിച്ചു വരുന്നു.എന്നാൽ ഇതേ വകുപ്പിൽ ഉദ്യോഗകയറ്റം വഴി 12 പേർ ഒഴികെ മറ്റുള്ളവരെല്ലാം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും മാറിയിട്ടുണ്ട്.

(സി) 99 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു.നിലവിൽ NJD ഒഴിവുകൾ സഹിതം നിയമന ശിപാർശ ലഭിച്ചതിനാൽ 93 ഒഴിവുകൾ കൂടി ഇനി റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്.

(ഡി) 2003-ൽ സെക്രട്ടറി തസ്തികയിലേക്ക് നടത്തിയ നേരിട്ടുള്ള നിയമനവും അതിനെ തുടർന്ന് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ലു.പി(സി) 28526/07 ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടി വന്നതിനാൽ 2008-ൽ കേഡർ സ്ട്രങ്ത് നിശ്ചയിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിരുന്നില്ല. 2009 വർഷത്തിൽ നേരിട്ടു നിയമനത്തിനായുള്ള എണ്ണം കണ്ടെത്തുന്നതിനായി കേഡർ സ്ട്രെങ്ത് നിശ്ചയിച്ചപ്പോൾ മുമ്പ് റിപ്പോർട്ടു ചെയ്ത 94 ഒഴിവുകളിലേക്ക് നിയമനം നടക്കാത്ത സാഹചര്യത്തിൽ നേരിട്ട് നിയമനത്തിനായുള്ള എണ്ണത്തിൽ 191 പേരുടെ എണ്ണം കണ്ടെത്തി കേഡർ സ്ട്രെങ്ത് നിശ്ചയിച്ചിരുന്നു. ബഹു.സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 595/2003,598/2003-ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടി വന്നതിനാൽ 2010-ൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിരുന്നില്ല. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ നിലവിലുള്ള കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് നേരിട്ട് നിയമനത്തിലേക്കായി ഇനി റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളുടെ എണ്ണം കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുർത്തിയായി വരുന്നു. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് 31-3-2011 തിയതി കണക്കിലെടുത്തും ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതും തുടർ നടപടികൾ ചട്ടപ്രകാരം സ്വീകരിക്കുന്നതുമാണ്.

(ഇ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴികെയുള്ള ബാക്കി തസ്തികകളിലെ ഒഴിവുകളെല്ലാം യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ സെക്രട്ടറി തസ്തികയുടെ റാങ്ക് ലിസ്റ്റ് ഉള്ളതിനാൽ കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് സെക്രട്ടറി തസ്തികയിൽ ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

യു.ഡി.സി.-മാരെ അക്കൗണ്ടന്റുമാരായി നിയമനം

176(384) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചിരുന്നോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള യു.ഡി.സി. മാരെയാണോ പരിശീലനം നൽകി ഇത്തരം തസ്തികകളിൽ നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചില ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന യു.ഡി.സി.-മാരെ അക്കൗണ്ടന്റുമാരായി നിയമിച്ചപ്പോൾ പ്രസ്തുത സീറ്റുകളിൽ ഉണ്ടായിരുന്ന ജോലി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. 26-6-2009-ൽ ആണ് ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ 18 ഗ്രാമ പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയായി പുനർനാമകരണം ചെയ്തും 642 ഗ്രാമപഞ്ചായത്തുകളിലെ യു.ഡി. ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയായി ഉയർത്തിയും 339 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചും ഉത്തരവായി.

(ബി) പഞ്ചായത്ത് വകുപ്പിലെ സീനിയർ യു.ഡി. ക്ലാർക്കുമാർക്ക് അക്കൗണ്ടന്റ് തസ്തികയിൽ ആവശ്യമായ പ്രാഥമിക പരിശീലനം നൽകി ഉദ്യോഗക്കയറ്റം മുഖേന ഇത്തരം തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുവഴി ജീവനക്കാരുടെ എണ്ണത്തിൽ കുറവു വരാത്തതുകൊണ്ട് ജോലി മുടങ്ങുന്ന സാഹചര്യമില്ല.

(ഡി) ബാധകമല്ല.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസറുടെ ചുമതലകൾ

177(385) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനവകുപ്പിൽ ഓരോ ഗ്രാമപഞ്ചായത്തിലും എത്ര വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ അനുസരിച്ച് എന്തെല്ലാം ജോലികൾ ആണ് വി. ഇ.ഒ.-മാരിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഒന്നിൽ കൂടുതൽ വി. ഇ. ഒ മാർ ഉണ്ടെങ്കിൽ അവരുടെ ജോലികൾ വീതിച്ച് നൽകുന്നത് ഏത് വ്യവസ്ഥയിലാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ജോലിഭാരം കണക്കിലെടുത്ത് പ്രസ്തുത ജീവനക്കാർക്ക് യാത്രാബത്ത, കുടുംബശ്രീ ചാർജ്, അലവൻസ് എന്നിവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പിൽ ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 2 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ വീതം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly